


# ലിറ്റിൽ കൈറ്റ്സ്

# ടി കെ ഡി എം ഗവൺമെന്റ് ഹൈസ്കൂൾ

## ഉളിയക്കോവിൽ

# മികവോടെ മുന്നോട്ട്




ഇ-തളുകളിലൂടെ
1. സന്ദേശം
2. അമ്മയെന്ന സ്നേഹം
3. ചിത്രരചന
4. ഇനിയും വരുമല്ലോ
5. യാത്രാവിവരണം
6. പഠനക്കുറിപ്പ്
7. ലിറ്റിൽ കൈറ്റ്സ്
8. മഴമേഘം
9. ബാല്യം
10. മുത്തശ്ശി
11. ജനനി
12. സഹപാഠികൾ
13. അച്ഛൻ

അപരിഷ്കൃതമായ മനുഷ്യ സമൂഹത്തിന്റെ
പരിണാമത്തോടൊപ്പം ആർജ്ജിച്ച വിജ്ഞാനം
പകർന്ന് നൽകി പരിഷ്കൃതമായ സമൂഹമായി
വളരാൻ നമുക്ക് കഴിഞ്ഞു . സമൂഹം നേടിയ
നേട്ടങ്ങൾക്കൊപ്പം ചാലകശക്തിയായി വിവിധ
ആശയ വിനിമയോപാധികൾ ഓരോ കാലത്തും
പരിണാമത്തെ പ്രോത്സാഹിപ്പിച്ചു കൊണ്ടിരുന്നു .
എഴുത്തോലയും നാരായവും
പേനയ്ക്കും കടലാസിനും വഴിമാറിയതിനു
സമാനമായി കീബോർഡിനും കമ്പ്യൂട്ടറിനും
വഴിയൊരുക്കി പേനയും കടലാസും ഒഴിഞ്ഞു
കൊടുത്തുകൊണ്ട് ആശയ വിനിമയത്തിനും
വിദ്യാഭ്യാസത്തിനും പുതിയ ദിശാബോധം
നൽകിയ കാലത്തിലാണ് നാമിന്ന് .


ആശയവിനിമയോപാധികളെ സമർത്ഥമായി
ഉപയോഗിക്കുന്നതിനും അവ
പരിഷ്കരിക്കുന്നതിനും കൂടി നമ്മുടെ വിദ്യാഭ്യാസം
നമ്മെ സഹായിക്കട്ടെ
എന്നാശംസകളോടെ ...........

എഡിറ്റർ

# ഓർമകളിലൂടെ












ഇ-തൾ വിരിയിച്ചവർ
രേഷ്മ രമേശ്
അർച്ചന. എസ്
അശ്വതി.ജെ.എസ്
ജയലക്ഷ്മി. എ
സിദ്ധാർഥ് എസ് കുമാർ
ആകാശ് ജോളി
സ്വാതി സുരേഷ്
ശ്രീലക്ഷ്മി.എസ്

# സന്ദേശം



വിവര സാങ്കേതികവിദ്യ അനുദിനം കുതിച്ചുയരുന്ന കാലഘട്ടത്തിൽ ഈ സ്കൂളിലെ സാധാരണക്കാരായ കുഞ്ഞുങ്ങളെ വിരൽത്തുമ്പിലെത്തി നിൽക്കുന്ന വിജ്ഞാന വിഹായസ്സിലേക്ക് നയിക്കാൻ ലിറ്റിൽ കൈറ്റ്സ് ക്ലബ്ബിലെ കുട്ടികൾക്ക് കഴിയുന്നു എന്നതിന്റെ ഉത്തമ ദൃഷ്ടാന്തമാണ് ഡിജിറ്റൽ മാഗസിൻ. ടി കെ ഡി എം ഗവ: ഹൈസ്കൂളിലെ ലിറ്റിൽ കൈറ്റ്സിലെ കുട്ടികൾ നേതൃത്വം നൽകിയ ഈ മാഗസിനിലൂടെ നമ്മുടെ കുഞ്ഞുങ്ങളുടെ മാനസികവും വൈകാരികവുമായ കഴിവുകളെ പ്രോത്സാഹിപ്പിക്കുന്നതിനും അവരുടെ ഭാവനകളെ സൃഷ്ടിപരമായി വാർത്തെടുക്കാനും ഈ മാഗസിനിലൂടെ കഴിയട്ടെ എന്ന് ഞാൻ മനസ്സ് നിറഞ്ഞു ആശംസിക്കുന്നു

ഒപ്പ്

സബീദ. ഇ (എച്ച് .എം)

ടി കെ ഡി എം ഗവ : എച്ച് എസ്സ്

# അമ്മയെന്ന സ്നേഹം



അശ്വതി ജെ എസ്
STD. IX

ആരാണ് നിന്നെ ഈ ഭൂമിയിൽ
ഏറെ സ്നേഹിച്ചതെന്നറിയാമോ
നിനക്കറിയാമോ നിന്റെ അമ്മയാണ്
ഒരിക്കലും തീരാത്ത സ്നേഹം

അമ്മയുടെ സ്നേഹം
ഒരിക്കലും നമ്മെ വേദനിപ്പിക്കാത്ത സ്നേഹം
അമ്മയെന്ന സ്വത്തിനെ
ഒരിക്കലും കൈവിടാതിരിക്കു

അമ്മയെന്നും നമ്മെ സ്നേഹിച്ചിട്ടേയുള്ളൂ
നമ്മളും അമ്മയെ സ്നേഹിക്കു
അമ്മയാണ് നമ്മുടെ മുന്നിൽ
കാണപ്പെട്ടിരുന്ന ദൈവം

ചെറുതായിരുന്നപ്പോൾ നീ
വഴിയോരത്തിൽ വീണു പോയപ്പോൾ
നിന്നെ താങ്ങിയെടുത്ത സ്നേഹം
അമ്മയെന്ന തീരാത്ത സ്നേഹം

# വര



ആസിഫ് എൻ STD VIII






# ഇനിയും വരുമല്ലോ



രേഷ്മ രമേശ്

STD IX

പൂക്കളും ആയിരം പാടങ്ങളും
വേലപ്പൂരതൻ ആവേശം
പൂവോ എവിടേ? പാടം മറഞ്ഞോ ?
ഓണവും,വിഷുവും ആഘോഷിക്കാനെത്തിയ
ഓരോ പൈതലും നോക്കുന്നിതാ പൂക്കൾ
പൂവേ പൊലി പാടാൻ സമയമോ ഇല്ല

ടി.വി.യിൽ ഇന്നിതാ പുത്തൻ സിനിമ
വിഷുവിനോ കണിയൊരുക്കാൻ നേരമില്ല
ഉറക്കം മുഴുക്കാതെ എങ്ങനെ ഉണരും
വിഷുവോ ഓണമോ ഇനിയും വരുമല്ലോ
ഇതുപോലെ നല്ല ഉറക്കം ഇനിയില്ലല്ലോ
പൂക്കളും പോയി വാങ്ങാം നമുക്കിന്ന് മക്കളെ

ഊണിനായ് പച്ചക്കറി മറ്റും വേണമോ
സമൃദ്ധമായ് ഉണ്ണേണ്ടൊരീ ഓണം
നമുക്കിന്ന് ഓരോ കടയിലും പോയി
ഉണ്ട് തീർക്കാം
ഇല്ല നമുക്കിന്ന് പൂക്കൾപോലും
നമ്മുടെ നാടിൻ ശോചനീയാവസ്ഥ.

# വയനാട് - ഒരു യാത്ര വിവരണം



സാന്ദ്ര എ
STD X

യാത്ര എന്ന പദം കണ്ടുപിടിക്കുന്നതിനു മുൻപ് തന്നെ മനുഷ്യൻ യാത്ര ആരംഭിച്ചിരുന്നു.മനുഷ്യന്റെ ഉൽപ്പത്തിയോളം പഴക്കമുണ്ട് യാത്രയ്ക്കും. ദേശസഞ്ചാരത്തിന്റെ വിദ്യാഭ്യാസ ലക്ഷ്യത്തെ അറിയാത്തവരും വാഴ്ത്തിപ്പറയാത്തവരും ഇല്ലെന്നു തന്നെ പറയാം. വിനോദ യാത്രകൾ ഇന്ന് കൊച്ചുകുട്ടകാർക്ക് പോലും അറിവും ആനന്ദവും നേടാനുള്ള എറ്റവും നല്ല ഉപാധിയായി മാറിക്കഴിഞ്ഞുഎന്റെ ജീവിതത്തിൽ എനിക്ക് മറക്കാനാവാത്ത ഒരു യാത്രാനുഭവം ഈയിടെ സംഭവിക്കുകയുണ്ടായി എന്റെ സ്കൂളിൽ നിന്നും 29/11/2018 ൽ പ്രകൃതി രമണീയമായതും എവരേയും ആകർഷിക്കുന്നതുമായ



വയനാട് എന്ന ജില്ലയിലേക്ക് 3 ദിവസത്തെ ഒരു വിനോദയാത്ര സംഘടിപ്പിക്കുകയുണ്ടായി.ഏകദേശം വൈകിട്ട് 06.30 ഓട് കൂടി യാത്ര ആരംഭിച്ചു.30 തീയതി രാവിലെ 05.30 ന വയനാട് ജില്ലയിലെ



കാക്കവയൽ എന്ന സ്ഥലത്ത അരുണഗിരി എന്ന ഹോട്ടലിൽ എത്തിച്ചേർന്നു അവിടെ വിശ്രമിച്ച ശേഷം അവിടെ നിന്നും രാവിലെ 11.30 ഓട് കൂടി കുറുവ ദ്വീപിൽ എത്തിച്ചേർന്നു അവിടെ കുറച്ചു സമയം ചിലവിട്ട ശേഷം അവിടെ നിന്നും ഉച്ചഭക്ഷണം കഴിച്ചു പിന്നീട് ട്രക്കിങ്ങിന് പോയി വനമേഖലയുടെ ആരെയും അതിശയിപ്പിക്കുന്ന സൗന്ദര്യം ആസ്വദിച്ച ശേഷം അവിടെ നിന്നും തിരുനെല്ലി ക്ഷേത്രത്തിൽ എത്തിച്ചേർന്നു.അവിടെ നിന്നും തിരികെ ഞങ്ങൾ താമസിക്കുന്ന ഹോട്ടലിൽ എത്തിരാത്രി ക്യാമ്പ് ഫയറോട് കൂടി ഒന്നാം ദിവസം അവസാനിച്ചു. രണ്ടാം ദിവസം ഏകദേശം 8 മണിയോട് കൂടി ഹോട്ടലിൽ നിന്നും യാത്ര തിരിച്ചു 10 മണിയോട് കൂടി മീൻമുട്ടി വെള്ളച്ചാട്ടത്തിനടുത്ത് എത്തിച്ചേർന്നു മീൻ മുട്ടിയുടെ പ്രകൃതി

ഭംഗി ആസ്വദിച്ച ശേഷം അവിടെ നിന്നും 11.30 ഓട് കൂടി ബാണാസുര സാഗർ അണക്കെട്ട് കാണാൻ പുറപ്പെട്ടു ധാരാളം പടിക്കെട്ടുകൾ കടന്ന് അണക്കെട്ടിന്റെ മുകളിൽ എത്തിച്ചേർന്നു അവിടുത്തെ ഭംഗി ആസ്വദിച്ച ശേഷം ഉച്ച ഊണും കഴിച്ചു അവിടെ നിന്നും അതിമനോഹരമായ സൂചിപ്പാറ വെള്ളച്ചാട്ടത്തിൽ എത്തിച്ചേർന്നു അവിടെ കുറെ സമയം ചിലവഴിച്ച ശേഷം 6 മണിയോട് കൂടി ഹോട്ടലിൽ തിരിച്ചെത്തുകയും അവിടെ നിന്ന് 6 മണിയോടെ തിരിച്ചു പിറ്റേന്ന് രാവിലെ സ്കൂളിൽ എത്തിച്ചേരുകയും ചെയ്തു




എന്റെ ജീവിതത്തിലെ മറക്കാനാകാത്ത കുറെ നിമിഷങ്ങൾ സമ്മാനിച്ച ഈ വിനോദയാത്ര ഞാൻ എന്നെന്നും ഓർമയിൽ സൂക്ഷിക്കും

# ക്യാമറ പരിശീലനം - പഠനക്കുറിപ്പ്



ആകാശ് ജോളി

STD IX




2018 ഡിസംബർ മാസം 26,27 തീയതികളിൽ പട്ടത്താനം ഡി ആർ സി യിൽ വെച്ച് നടന്ന ക്യാമറ ട്രെയ്നിങ്ങിൽ ഞങ്ങളുടെ സ്കൂളിൽ നിന്നും ഞാൻ പങ്കെടുത്തു. CANON DSLR ക്യാമറയെ കുറിച്ചും,അതിന്റെപ്രവർത്തനവും,അതിന്റെ ഭാഗങ്ങളെക്കുറിച്ചും ക്ലാസിൽ വിശദമായി പഠിപ്പിച്ചു .ആധുനിക ഡിജിറ്റൽ സാങ്കേതിക വിദ്യയിൽ ഡിജിറ്റൽ ക്യാമറ എങ്ങനെ പ്രയോജനപ്പെടുത്താം എന്നുള്ള വിശദമായ അറിവ് ക്യാമ്പിൽ നിന്നും ലഭിച്ചു ഫോട്ടോയും വീഡിയോകളും എടുക്കുന്നതിന്റെ സാങ്കേതിക വശങ്ങളെക്കുറിച്ചും ക്ലാസിൽ വിശദമായി പ്രതിപാദിക്കപ്പെട്ടു .ഫോട്ടോസ് എങ്ങനെ കൈകാര്യം ചെയ്യുണമെന്നും അത് ഒരു മിനിട്ടു ദൈർഘ്യമുള്ള വാർത്തയാക്കി മാറ്റി വിക്ടേഴ്സ് ചാനലിൽ എങ്ങനെ അപ്ലോഡു ചെയ്യുണമെന്നും പഠിപ്പിച്ചു . ഒരു വാർത്ത അവതരിപ്പിക്കുമ്പോൾ അതിൽ ഫോട്ടോയ്ക്കും വീഡിയോയ്ക്കുമുള്ള സ്വാധീനം എത്രത്തോളമുണ്ടെന്ന് ഇതിൽ നിന്നും മനസ്സിലായി . ബഹുമാനപ്പെട്ട മാസ്റ്റർ ട്രെയ്നർ ശ്രീ കണ്ണൻ സാറാണ് ക്ലാസിനു നേതൃത്വം നൽകിയത് . ജീവിതത്തിലെ ഒരു മറക്കാനാകാത്ത അനുഭവമാണ് ക്ലാസ്സിൽ നിന്നും ലഭിച്ചത് .

ടി കെ ഡി എം ഗവ : എച്ച് എസ്സ്

# ലിറ്റിൽ കൈറ്റ്സ്



അർച്ചന .എസ്

STD IX

പട്ടം പോലെ പറന്ന നടക്കും
ലിറ്റിൽ കൈറ്റ്സാം പിഞ്ചോമനകൾ
അവരുടെ മനസ്സിൽ കുളിരോമനയാം
ലിറ്റിൽ കൈറ്റ്സ് എന്നൊരു നാമം

കൈറ്റ്സിൽ നിന്നും പകർന്ന തരുന്ന
അതിമോഹനമാം ഹൈടെക് പഠനം
അതിൽ ഞങ്ങൾതൻ കരവിരുതാകും
ചിത്രരചനേം മറ്റധ്യായോം

ഗണിതം ശാസ്ത്രം സാമൂഹ്യങ്ങൾ
ഇങ്ങനെ പല പല വിഷയവുമായി
മാനസികമാം ഉല്ലാസവുമായി
പട്ടം പോലെ പറന്ന നടക്കാം

കാലത്തിന്റെ ദിശാബോധം പോൽ
പേനയും കടലാസും വഴിമാറി
നല്ലൊരു കമ്പ്യൂട്ടർ യുഗത്തിനായി
നമ്മുടെയെല്ലാം ലിറ്റിൽ കൈറ്റ്സ്

# മഴമേഘം



ജോസഫൈൻ ഡി സിൽവ
എച്ച് .എസ്സ് . ടി

ഉയിരിനുറവയായ് രാത്രിതൻ യാമത്തിൽ
നിലയ്ക്കാത്ത നീർപ്രവാഹമായ് നീ വരുമ്പോൾ
കൺചിമ്മി കാതോർത്ത് കാത്തിരിന്നു ഞാൻ
എന്നഴലിൽ നിഴൽ നീങ്ങി വെൺമയാകാൻ

കാണുന്നു ഞാനുള്ളിൽ അലിവേറും നിൻമുഖം
താരിനും തളിരിനും കുളിരേകും കരങ്ങളും
സ്പർശമായ് വിണ്ണിൽ വിഹായസ്സിൽ
നിന്നൊരു മാത്ര സ്വയം ശൂന്യമാകുന്ന സ്നേഹം.

തപിച്ചൊരു ഭൂമിയും വരണ്ടൊരു ചൂടും
കൊതിച്ചുനിൻ ദാഹനീർ സമൃദ്ധം
കേൾക്കുന്നു ഞാനാ ചിരിതന്നലയൊച്ച
ജീവന്റെ തുടിപ്പുകൾ തന്നാഹ്ലാദാരവം.

# ബാല്യം



ഗിരിജാകുമാരി. വി
ഓഫീസ് സ്റ്റാഫ്

എന്നുമെന്നോർമയിൽ പൂക്കുന്ന നിത്യ മധുരമാമോർമ
നീ എന്റെ ജീവന്റെ സർവ്വസ്വമായിരുന്നു
കാലമേ നീ എന്നിൽ നിന്നും അടർത്തിയെടുത്തു
എന്നിലെ മധുര സ്വപ്നങ്ങളെ

നിശ്ചിന്തനായി ആർത്തുല്ലസിച്ചു ഞാൻ
ആടിത്തിമിർത്തൊരാ ബാല്യം
എങ്ങനെ ഞാൻ മറന്നീടും
ജീവിതത്തിൻ അതുല്യ ആനന്ദം

ഞാനൊന്നു കരഞ്ഞാൽ
ഞാനൊന്നു വീണാൽ
സർവ്വം ഉപേക്ഷിച്ച്
വാരിപ്പുണർന്നമ്മ വെയ്ക്കുമെന്നമ്മ

അമ്പിളി മാമനെ കാട്ടിയും
കിന്നാര കുസൃതി ചൊല്ലിയും
സങ്കടം തീർക്കുമെൻ അച്ഛൻ
അപ്പോഴെൻ പുഞ്ചിരി കാണുമ്പൊൾ എല്ലാരുമാനന്ദിച്ചീടും

ഒരു ചിന്ത കൂടാതെ ഓടിക്കളിച്ച്
ആനന്ദ മന്ദഹാസം തൂകി
കൂട്ടുകാർ കൂടെ ആടിപ്പാടിയ
കാലമെങ്ങനെ ഞാൻ മറന്നീടും

# മുത്തശ്ശി



ആദിത്യ എം വിജയ്
STD X

അനുക്കുട്ടി എന്നും മുത്തശ്ശിക്ക് കൂട്ടായിരുന്നു . ആ വീട്ടിൽ മുത്തശ്ശിക്ക് അനുക്കുട്ടിയും അനുക്കുട്ടിക്ക് മുത്തശ്ശിയും മാത്രമേ ഉണ്ടായിരുന്നുള്ളൂ . ഒരു പൂമ്പാറ്റയെ പോലെ അവൾ പാറി നടന്ന് കളിച്ചു . പൂന്തേൻ തേടി പോകുന്ന ചിത്രശലഭങ്ങൾക്കു പിറകെ ഓടിനടന്നു. ശാന്തമായി ഒഴുകുന്ന പുഴയിൽ കല്ലെറിഞ്ഞു കളിച്ചു. പച്ചപ്പരവതാനി വിരിച്ച പാടങ്ങളും ഓളമിട്ടൊഴുകുന്ന പുഴകളും സൂര്യനെ നോക്കി പുഞ്ചിരിക്കുന്ന സൂര്യകാന്തി പൂക്കളും അവൾക്കു വലിയ ഇഷ്ടമായിരുന്നു .

ആറുവയസുള്ളപ്പോൾ മുത്തശ്ശി അവളെ സ്കൂളി ചേർത്തു. ക്ലാസ്സിൽ എന്നും അവൾ ഒന്നാമതായിരുന്നു. പഠിത്തത്തിൽ മാത്രമല്ല മറ്റു കലാകായിക മത്സരങ്ങളിലും മികവ് പ്രകടിപ്പിച്ചു. കുട്ടികൾക്കും ടീച്ചർമ്മാർക്കും അവൾ വളരെ പ്രിയപ്പെട്ടവൾ ആയിരുന്നു. അനുക്കുട്ടിക്ക് ഒരേ ഒരു വിഷമം മാത്രമേ ഉണ്ടായിരുന്നുള്ളു അവളുടെ അച്ഛനും അമ്മയും ആരാണെന്നും അവർ എവിടെയാണെന്നും അവൾക്കു അറിയില്ല പലപ്പോഴും അവളതു മുത്തശ്ശിയോട് ചോദിച്ചു അപ്പോഴെല്ലാം മുത്തശ്ശി പറയും നീ പഠിച്ചു വലുതായി ഒരു ജോലി വാങ്ങിക്ക് അപ്പോൾ ഞാൻ അത് പറയും.

അന്നുമുതൽ അവൾ കൂടുതൽ വാശിയോടെ പഠിച്ചു തുടങ്ങി. പഠിച്ചൊരു ജോലി വാങ്ങണം അച്ഛനും അമ്മയും ആരെന്നറിയണം ധാരാളം സമ്മാനങ്ങളും വാങ്ങി അവരുടെ അടുത്തേയ്ക്കു പോകണം അവരെ കെട്ടിപ്പിടിച്ചു കിടന്നുറങ്ങണം അവർക്കും അമ്മുമ്മയ്ക്കുമൊപ്പം സന്തോഷത്തോടെ ജീവിക്കണം അവൾ സ്വപ്നം കണ്ടു.



ഒരു ദിവസം ശക്തമായ മഴ പെയ്തു പേമാരിയിൽ അവരുടെ കുടിൽ തകർന്നു പോയി. അടുത്ത ദിവസം മുതൽ സ്കൂളിൽ നിന്ന് വന്നിട്ട് വൈകുന്നേരങ്ങളിൽ മുത്തശ്ശിയോടൊപ്പം അവളും ജോലിക്കു പോയി. മിച്ചം പിടിച്ച പണം കൊണ്ട് അവളും അമ്മൂമ്മയും അവരുടെ കൊച്ചു കുടിലിനു പുതുജീവൻ നൽകി.

പഠിച്ചു വലുതായി താമസിയാതെ അനുക്കുട്ടിയുടെ റിസൾട്ട് വന്നു. അവൾക്കു ഫസ്റ്റ് റാങ്ക് പെട്ടെന്ന് തന്നെ അവൾക്കു ജോലിയും കിട്ടി അന്ന് തന്നെ അവൾ ഒരു സമ്മാനവും വാങ്ങി മുത്തശ്ശിയുടെ അടുത്തെത്തി അത് കൊടുത്തിട്ടു പറഞ്ഞു "മുത്തശ്ശി ഞാൻ വാക്ക് പാലിച്ചു ഇനി പറയൂ എന്റെ അച്ഛനും അമ്മയും ആരാണെന്നും അവർ എവിടെയാണെന്നും "

അമ്മൂമ്മ അവളെ ചേർത്ത് പിടിച്ചു കൊണ്ട് പറഞ്ഞു "പശുവിനെ വളർത്തി പാൽ വിറ്റാണ് ഞാൻ ജീവിച്ചത് ഒരു ദിവസം പാൽ വിറ്റ് തിരികെ വരുമ്പോൾ കൂടെ ആരുമില്ലാതെ വിശന്നു വലഞ്ഞു നടക്കുന്ന ഒരു കുട്ടിയെ ഞാൻ കണ്ടു. അവളെ ആരും തന്നെ ശ്രദ്ധിക്കുന്നില്ല. എനിക്ക് വളരെ വിഷമം തോന്നി ഏകദേശം രണ്ടു വയസ്സോളം പ്രായം വരുന്ന ആ കുട്ടിയെ ഞാൻ എടുത്തു കൊണ്ട് വന്നു. അനുക്കുട്ടി എന്ന് ഞാൻ അവളെ വിളിച്ചു. അന്ന് മുതൽ ഞാനാണ് അവൾക്കു അച്ഛനും അമ്മയും അമ്മൂമ്മയും എല്ലാം. നീ എനിക്ക് മകളും."

ഇത്രയും കേട്ടു കഴിഞ്ഞപ്പോൾ അനുക്കുട്ടിയുടെ കണ്ണുകൾ നിറഞ്ഞു കണ്ണുനീർത്തുള്ളികൾ കവിളുകളിലൂടെ ഉരുണ്ടുരുണ്ട് വീണു. അവൾ അമ്മൂമ്മയെ കെട്ടിപ്പുണർന്നു.

# ജനനി



സ്വാതി സുരേഷ്
STD IX

'അ'എന്നൊരക്ഷരത്തിൽ
കുടികൊള്ളും അമൃകമയം പൂണ്ട ജനനി
ജാനകി നിന്നുടെ മാറിലായ്
വാഴുന്നൊരീ കുഞ്ഞു പൈതൽ

ദൃഷ്ടികൊണ്ടൊരോമൽ പൂവു പോലെ
കോപമായതാ കാളിതന്നെ.
സ്വാർഥ ചിന്തയും അതികോപവും
കുടിക്കൊള്ളാത്തൊരാ ക്ഷേത്രം

കൂട്ടുപോൽതന്നുടെ പത്തിയിലായി
ഓരോ പൈതലും സുരക്ഷിതം
കാഴ്ച്ചയിൽ പാർവ്വതിക്കു സമം
മനസ്സോ സാക്ഷാൽ സീതപോലെ

ദുഷ്ട ചിന്തയോ കോപനോട്ടമോ
ഇല്ലല്ലോ ആ ദേവിതൻ മനസ്സിൽ
ദൃഷ്ടികോപത്തോടായാൽ ഭസ്മം
മാതൃത്വത്തിൻ സാക്ഷാൽ ഉപമ
ജനനിയായാലും മാതാവായാലും
നമുക്കെന്നും മനസ്സിൽ അമ്മ തന്നെ

# സഹപാഠികൾ



ജയലക്ഷ്മി എ

STD IX

കൂട്ടുകാരാണെന്റെ ധൈര്യം
എന്റെ സന്തോഷത്തിൽ കൂടെ നിൽക്കുകയും
വിഷമത്തിൽ പങ്കുചേരുകയും ചെയ്യുന്ന
എന്റെ എല്ലാമെല്ലാമായ സഹപാഠികൾ
അവരാണെൻ ലോകം അവരാണെൻ സ്വർഗ്ഗം
എൻ ജീവിതത്തിലെ ഓരോ നിമിഷവും
കൂട്ടുകാരെ നിങ്ങൾക്കായി ഉള്ളതാണ്.

# അച്ഛൻ

സ്നേഹമുള്ള എന്റെ അച്ഛൻ
എന്നെ എന്തിൽ നിന്നും സംരക്ഷിക്കുന്ന
എന്റെ എല്ലാ പ്രശ്നങ്ങളിലും
എന്റെ കൂടെ നിന്ന് എന്നെ
വിഷമിപ്പിക്കാത്ത എന്റെ അച്ഛൻ
ഈ ലോകത്ത് ഞാൻ ഏറ്റവും
ആരാധിക്കുന്ന എന്റെ ഒരേ ഒരു
ദൈവമാണ് എന്റെ അച്ഛൻ


ഹൃദയപൂർവം
ഡിജിറ്റൽ മാഗസിന്റെ ഇ-തൾ
വിരിയിക്കാൻ സഹായിച്ച
എല്ലാ  ലിറ്റിൽ കൈറ്റ്സ്
അംഗങ്ങൾക്കും നേതൃത്വം
നൽകിയ അസിത
ടീച്ചർക്കും ,സിനി ടീച്ചർക്കും മറ്റു
അധ്യാപകർക്കും ബഹുമാനപ്പെട്ട
ഹെഡ്മിസ്ട്രസ് സബീദ ടീച്ചർക്കും
ഹൃദയപൂർവം ഒരായിരം
നന്ദി................
എഡിറ്റർ